**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** **07-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എലപ്പുള്ളിയിലെ പാലക്കാട് താലൂക്ക് ആശുപത്രിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | എലപ്പുള്ളി താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ആർക്കിടെക്ച്ചറൽ ഡ്രോയിങ്ങിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിന് പ്രസ്തുത സ്ഥലത്തെ പഴയ കെട്ടിടങ്ങളായ മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ജെ.പി.എച്ച്.എൻ/ സ്റ്റാഫ് നേഴ്സ് ക്വാർട്ടേഴ്സ് എന്നിവ പൊളിച്ച് നീക്കി കൊണ്ടിരിക്കുകയാണ്. ഉപയോഗയോഗ്യമായ ആർ.സി.എച്ച്. കെട്ടിടവും ആർ.സി.സി കെട്ടിടവും പൊളിച്ചു മാറ്റേണ്ടതുണ്ട് ആയതിന്റെ അനുമതിയ്ക്കായി ലഭ്യമാക്കിയ പ്രൊപോസൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നബാർഡ് ട്രാഞ്ചെ XXIX-യിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ)നം.2705/2023/ ആ.കു.വ. തീയതി 17/10/2023 പ്രകാരം 17.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആദ്യം പ്രസ്തുത ആശുപത്രിയിലെ (19/160) JPHN ക്വാർട്ടേഴ്സ്, (19/161) സ്റ്റാഫ് നേഴ്സ് ക്വാർട്ടേഴ്സ്, (19/162) ഫീമെയിൽ വാർഡ് എന്നീ കെട്ടിടങ്ങൾ മാത്രം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി (3377 ചതുരശ്ര മീറ്റർ വിസ്തീർണ്ണം) അംഗീകാരത്തിന് സമർപ്പിക്കുകയും പ്രസ്തുത പ്ലാനിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട്, ഓഫീസും കോൺഫറൻസ് ഹാളും ഉൾപ്പെടുന്ന കെട്ടിടം മാത്രം നിലനിർത്തി മറ്റു കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയാൽ കൂടുതൽ സ്ഥലം ലഭിക്കുമെന്ന് കണ്ടതിനാൽ ആദ്യത്തെ ഡ്രോയിംഗിലെ ചുറ്റുമുള്ള വരാന്ത ഒഴിവാക്കി പുതുക്കിയ ഡ്രോയിംഗ് തയ്യാറാക്കുകയും ആയതു പ്രകാരം വിസ്തീർണ്ണം 3192 ചതുരശ്ര മീറ്ററായി കുറയുകയും ചെയ്തു. പ്രസ്തുത പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകാരത്തിനായി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. |
| (സി) | എസ്റ്റിമേറ്റിന് ആരോഗ്യ വകുപ്പ് അംഗീകാരം നൽകാത്തതുമൂലം പൊതുമരാമത്ത് വകുപ്പിന് ഈ പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ